LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 2014-15 വർഷത്തിൽ ഭൂജല വകുപ്പ് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി)2014-15-ൽ മലപ്പുറം ജില്ലയിൽ മൂന്ന് കൃത്രിമ ജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അസംബ്ലി മണ്ഡലം	ചെലവഴിച്ച തുക (രൂപ)
1	ഗവ. ഹൈസ്കൂൾ, വെട്ടത്തൂർ	പെരിന്തൽമണ്ണ (വെട്ടത്തൂർ പഞ്ചായത്ത്)	1,03,400/
2	ഗവ. ഹയർ സെക്കൻഡറി സ്കൂൾ, വെട്ടത്തൂർ	പെരിന്തൽമണ്ണ (വെട്ടത്തൂർ പഞ്ചായത്ത്)	85,800/
3	ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഉഗ്രപുരം	ഏറനാട് (അരിക്കോട് പഞ്ചായത്ത്)	97,900/
	ആകെ		2,87,100

കഴൽ കിണർ കഴിക്കുന്നതിനുള്ള സ്വകാര്യ റിഗ്ഗുകൾ

183 (4469) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ കഴൽക്കിണർ കുഴിക്കുന്നതിനുള്ള റിഗ്ഗുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി എത്ര സ്വകാര്യ റിഗ്ഗുകളാണ് നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) കഴൽ കിണർ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ റിഗ്ഗുകൾ സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 59/2014/ജവിവ തീയതി, 27-6-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിഗ്ഗുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടില്ല.

മഴവെള്ള സംഭരണം

184 (4470) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നദികളിൽ ഉള്ള വെള്ളം കെട്ടിനിർത്തുന്നതിന് ഭാരതപ്പുഴയിലും മറ്റ് നദികളിലും എത്ര ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഓരോ ജില്ലയിലും 2011-12, 2012-13, 2013-14, 2014-15 കാലയളവിൽ എത്ര വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം സംഭരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5182 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ.)-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന ഓരോ വ്യക്തിഗത കുടുംബങ്ങൾക്കായി മഴവെള്ള സംഭരണികൾ സർക്കാരിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് സബ്സിഡി നിരക്കിൽ നിർമ്മിച്ചുനൽകുന്നുണ്ട്. കൂടാതെ ജലനിധിയുടെ ഭാഗമായി പൈപ്പ് ലൈൻ കുടിവെള്ള കണക്ഷനുകൾ എത്താത്ത വീടുകൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ജലസേചന വകുപ്പിന്റെ കീഴിൽ നദികളിലും തോടുകളിലും ഒഴുകിവരുന്ന മഴവെള്ളം സംഭരിക്കുന്നതിനായി തടയണകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും വെന്റഡ് ക്രോസ് ബാറുകളും നിർമ്മിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly